"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം

നമ്പർ:ഇ7/11720/15 തീയതി:16/04/2015

**സർക്കുലർ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ നവീകരണം -സംബന്ധിച്ച്.

*********

നടപ്പുസാമ്പത്തിക വർഷത്തിൽ '2230-03-101-87-modernisation of ITIs-34-other items(Plan) 2015-16' എന്ന ശീർഷകത്തിൽ 3 കോടി രൂപ വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താങ്കളുടെ സ്ഥാപനത്തിലെ വർക്ക്ഷോപ്പ് കെട്ടിടം നവീകരിക്കേണ്ടതുണ്ടെങ്കിൽ സർക്കാർ അംഗീകൃത ഏജൻസിയായ, പി.ഡബ്ല്യു.ഡി, നിർമ്മിതി കേന്ദ്രം, കൺസ്ട്രക്ഷൻ കോർപ്പറേഷൻ, സിഡ്കോ ഇവയിൽ ഏതെങ്കിലും ഒരു ഏജൻസിയിൽ നിന്നും വർക്ക്ഷോപ്പ് കെട്ടിടം നവീകരിക്കുന്നതിനായി ഡി.ജി.ഇ.റ്റി, ന്യൂഡൽഹി അനുശാസിക്കുന്ന വിധത്തിൽ (അഫിലിയേഷൻ/ റീ-അഫിലിയേഷനായി) ശുപാർശ തയ്യാറാക്കി ആയതിന്റെ പ്ലാനും എസ്റ്റിമേറ്റും ഉൾപ്പടെയുള്ള റിപ്പോർട്ട് 30/04/15-ന് മുൻപ് ഇവിടെ ലഭിക്കത്തക്ക വിധത്തിൽ അയച്ചു തരേണ്ടതാണ്. നിശ്ചിത സമയപരിധിയിൽ ലഭിയ്ക്കാത്ത ശുപാർശ യാതൊരു കാരണവശാലും നടപ്പു സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതല്ല. ആയതിനാൽ സമയപരിധി കർശനമായും പാലിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

**സ്വീകർത്താവ്:**

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

ഡി.18/4/15